LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിലെ മീറ്റർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ലാബിന്റെ സിവിൽ വർക്ക് പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്ക് പുരോഗമിച്ചുവരുന്നു.

(ബി) 10-7-2014-ൽ

(സി) ലാബിന്റെ ഇലക്ട്രിക്കൽ ജോലികൾകൂടി പൂർത്തിയാകാനുള്ളതുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

വൈദ്യുതി കടിശ്ശിക

35 (2236) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ വൈദ്യുതി ചാർജ്ജിന്റെ കടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തു;വ്യക്തമാക്കാമോ;

(ബി) ഇനിയും പിരിച്ചെടുക്കുവാനുള്ള കടിശ്ശിക സംബന്ധിച്ച വിശദമായ ലിസ്റ്റ് പ്രസിദ്ധീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന കടിശ്ശിക തുകയും അതിനുശേഷം നാളിതുവരെ കാലാകാലങ്ങളിൽ വന്നിട്ടുള്ള കടിശ്ശിക തുകയും ഉൾപ്പെടെ 2308.09 കോടി രൂപ വൈദ്യുതി ചാർജ്ജിന്റെ കടിശ്ശിക ഇനത്തിൽ ബോർഡിന് പരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ കടിശ്ശിക വിവരങ്ങൾ ത്രൈമാസ കണക്കായാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30-9-2015-ൽ ആകെ 1961.57 കോടി രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. കടിശ്ശികയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു:

ക്രമ നമ്പർ	സ്ഥാപനങ്ങൾ	കടിശ്ശിക തുക (കോടിയിൽ)
(1)	(2)	(3)
1	സംസ്ഥാന സർക്കാർ	120.86
2	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	1106.31
3	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	3.31

(1)	(2)	(3)
4	കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾ	0.28
5	കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	48.36
6	അന്തർ സംസ്ഥാനം (ഊർജ്ജം)	5.11
7	സ്വകാര്യ സ്ഥാപനങ്ങൾ	664.69
8	ലൈസൻസികൾ	12.60
9	സ്വയംഭരണ സ്ഥാപനങ്ങൾ	0.05
	ആകെ	1961.57

ഊർജ്ജ ഉൽപ്പാദനം

36 (2237) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ലക്ഷ്യമിട്ട ഊർജ്ജ ഉൽപ്പാദനം എത്ര യൂണിറ്റായിരുന്നു ;

(ബി) ഓരോ വർഷവും ലക്ഷ്യമിട്ട ഊർജ്ജ ഉൽപ്പാദനം സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)

വർഷം	ലക്ഷ്യമിട്ട ഉല്പാദനം (എ.ആർ.ആർ പ്രകാരം) (MU)	യഥാർത്ഥ ഉല്പാദനം (MU)
2011-12	8840.5	9107.99
2012-13	8351.3	7161.64
2013-14	8222.3	9716.95
2014-15	7759	8513.95
2015-16	7962	4320.28 (നവംബർ 2015 വരെ)

(ബി) ആഭ്യന്തര ഉല്പാദനം ക്രമീകരിക്കുന്നത് പുറമേനിന്നും വിലക്കുറവിൽ വൈദ്യുതി ലഭ്യമാകുന്നതനുസരിച്ചാണ്. ജലവൈദ്യുതിയുടെ ഉല്പാദനം നീരൊഴുക്കിലുള്ള ഏറ്റക്കുറച്ചിലനുസരിച്ച് മാറിയിട്ടുണ്ട്. നീരൊഴുക്കിനനുസരിച്ച് ഉല്പാദനം പൂർണ്ണമായും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly